(ബി) എസ്.എൽ.ബി.സി. യുടെ മറുപടി പ്രകാരം കണക്കുകൾ താഴെ കൊടുക്കുന്നു.

	വാണിജ്യ ബാങ്കുകളിലെ	*തുക കോടിയിൽ*	*ശതമാനം*
1.	കാർഷിക വായ്പ	5803	14.17
2.	ചെറുകിട വ്യവസായ വായ്പ	3128	7.64
3.	മറ്റു മുൻഗണനാ വായ്പ	11972	29.24
4.	മൊത്തം മുൻഗണനാ വായ്പ	20903	51.05
5.	മറ്റുതരം വായ്പകൾ	20045	48.95
	മൊത്തം വായ്പ	**40948**	**100.00**

(സി) കാർഷിക മേഖല, പരമ്പരാഗത വ്യവസായ മേഖല, വിദ്യാഭ്യാസ മേഖല കുടുംബശ്രീ, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ മേഖലകളിൽ വായ്പാ തോത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുഖേന ആവശ്യപ്പെടുന്നുണ്ട്

(ഡി) സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കുന്ന എല്ലാ സ്കീമുകൾക്കും ബാങ്കുകൾ വായ്പ നൽകി വരുന്നു. ഉദാ: കുടുംബശ്രീയുടെ ഭവനശ്രീ, കേരശ്രീ യുവശ്രീ മുതലായ പദ്ധതികൾക്ക് ബാങ്കുകൾ ആവശ്യാനുസരണം വായ്പകൾ അനുവദിച്ചു വരുന്നു എന്നും, കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിന്റെ കെസ്റ സ്കീമിനും ബാങ്കുകൾ വായ്പ നൽകി വരുന്നതായി എസ്.എൽ.ബി.സി അറിയിക്കുന്നു. സഹകരണ ബാങ്കുകൾ പുതിയ വായ്പകൾ ഒന്നും തന്നെ അനുവദിച്ചു തുടങ്ങിയിട്ടില്ല എന്ന് അറിയിക്കുന്നു.

അക്ഷയ തൃതീയ നാളിലെ സ്വർണ്ണ–രത്നക്കച്ചവടം

30 [1860] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

,, *ബി. വിജയകുമാർ:*

,, *വി. ഡി. സതീശൻ:*

,, *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ അക്ഷയ തൃതീയ നാളിൽ (2005 മേയ് 11–ാം തീയതി സംസ്ഥാനത്ത് എന്തു തുകയ്ക്കുള്ള സ്വർണ്ണവും രത്നവും കച്ചവടം നടന്നു;

(ബി) ആ ദിവസം സ്വർണ്ണ–രത്നക്കച്ചവടത്തിൽ നിന്ന് സംസ്ഥാനത്തിനു ലഭിച്ച നികുതി എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly